# സിനിമാ നിരൂപണം

എൻ. വി. കൃഷ്ണവാര്യർ



ഒരു കലാരൂപമെന്ന നിലയിൽ ഓരോ പടത്തെയും വിലയിരുത്തുകയാണ് സിനിമാനിരൂപണം. പടം, അതിന്റെ ദൃശ്യശ്രാവ്യാംശങ്ങളുടെ സമഷ്ടിയാൽ, സംസ്കാരസമ്പന്നനായ ദർശകന്റെ ഹൃദയത്തിലുളവാക്കുന്ന വൈകാരികാനുഭൂതി, അഥവാ സൗന്ദര്യാസ്വാദം, ആണ് ഈ വിലയിരുത്തലിൽ മുഖ്യമായി പരിഗണിക്കാനുള്ളത്. ഈ ആസ്വാദം ഉളവാക്കുന്ന ഘടകങ്ങളിൽ മുഖ്യമായ ഒരു സ്ഥാനം പ്രതിപാദ്യവസ്തുവിന് ഉണ്ട്. സിനിമയിൽ മിക്കപ്പോഴും ഈ പ്രതിപാദ്യവസ്തു ഒരു കഥയായിരിക്കും. കഥ ഭദ്രമാണോ? മിക്കപ്പോഴും സിനിമാനിരൂപണം ഇവിടെനിന്നു തുടങ്ങുക സൗകര്യമായിരിക്കും. കാരണം, സംഗീതമോ സാഹിത്യമോ ചിത്രകലയോ പോലെയല്ലാതെ സിനിമ ഒരു വ്യവസായവും ഏറെക്കുറെ ഒരു "പാണ്ഡവസന്താന"വും ആകുന്നു. വലിയ മൂലധനം ഇറക്കിയാലേ ഒരു പടം നിർമ്മിക്കാനൊക്കൂ. അതിന്റെ നിർമ്മാണഘട്ടത്തിൽ പല സാങ്കേതികത്തൊഴിലാളികളുടെ സഹകൃതയത്നം അനുപേക്ഷണീയവുമാണ്. അതിനാൽ കലയുമായി വലിയ ബന്ധമൊന്നുമില്ലാത്ത മൂലധനനിക്ഷേപകരുടെയും സാങ്കേതികത്തൊഴിലാളികളുടെയും സമ്മർദ്ദത്തിനു വിധേയനായിപ്പോവും തിരക്കഥയെഴുത്തുകാരനും ഡയറക്ടരും മറ്റും. ഈ സമ്മർദ്ദംകൊണ്ട് ആദ്യം പരുക്കുപറ്റുന്നതു കഥയ്ക്കാണ്. അതിന്റെ ഏകാഗ്രത നഷ്ടപ്പെടുന്നു. അസംബന്ധങ്ങളും അനാവശ്യങ്ങളുമായ പല സംഭവങ്ങളും വലിഞ്ഞുകയറി കഥയുടെ കെട്ടുറപ്പു തകർത്തുകളയുന്നു. മലയാളസിനിമയിലെ പല ആദ്യകാലസൃഷ്ടിയുടെയും പരാജയത്തിനു മുഖ്യമായും ഉത്തരവാദി കഥയുടെ ദൗർബ്ബല്യമായിരുന്നു എന്നു കാണുക പ്രയാസമല്ല.

നല്ല കഥയായതുകൊണ്ട് സിനിമ നന്നായിക്കൊള്ളണമെന്നില്ല. സിനിമ മുഖ്യമായും ചിത്രമാണ്; പരന്ന ഒരു ഉപരിതലത്തിൽ കാണുന്ന ദ്വിമാനചിത്രങ്ങളുടെ ഒരു പരമ്പര. ഈ ചിത്രങ്ങൾക്കു ചലനമുണ്ട്; എങ്കിലും അവ ചിത്രങ്ങൾതന്നെ. സെക്കൻഡിൽ ഇരുപത്തിനാലു ചിത്രങ്ങൾ വീതം നിങ്ങളുടെ മുമ്പിലുള്ള തിരയിൽ വീണുമറയുന്നു. ഈ ചിത്രങ്ങൾ ഓരോന്നും ചിത്രങ്ങളെന്ന നിലയിൽ, ശില്പങ്ങളെന്നനിലയിൽ, വിഭാവനം ചെയ്യപ്പെട്ടവയായിരുന്നാലേ എന്തുകൊണ്ടെന്നു നിങ്ങളറിയാതെതന്നെ നിങ്ങളുടെ സൗന്ദര്യാസ്വാദം ഉത്കടാവസ്ഥയിലെത്തുകയുള്ളൂ.

കഥയുടെ എല്ലാവശവും ഈ ചിത്രങ്ങളിലൂടെ പകർത്തിക്കാട്ടേണ്ടതില്ല. ഭാവനയുള്ള മനുഷ്യരാണല്ലോ കാഴ്ചക്കാർ. അവരുടെ സങ്കല്പത്തിനു പടർന്നു കയറുവാൻ വേണ്ട പന്തലൊരുക്കിക്കൊടുക്കുകയേ സംവിധായകൻ ചെയ്യേണ്ടൂ. കാഴ്ചക്കാരുടെ ഭാവന തളിർത്തു പൂക്കുവാനാവശ്യമായ രംഗങ്ങൾ, അവമാത്രം, സംവിധാനംചെയ്യുന്ന സംവിധായകനാണ് യോഗ്യൻ. എന്തു കാണിക്കുന്നു എന്നതിലേറെ പ്രധാനമാണ് എന്തെല്ലാം വിട്ടുകളയുന്നു എന്നതു്.

മൂകൻ വാചാലനായതാണല്ലോ സിനിമയുടെ ചരിത്രം. മൂകാഭിനയത്തിൽ ഉദ്വിഗ്നഭാവങ്ങൾ കാഴ്ചക്കാരുടെ ഉള്ളിൽ തറച്ചുനിർത്തുന്നതിനായി പലപ്പോഴും അതിശയോക്തി ഉപയോഗിക്കേണ്ടതായി വന്നിരുന്നു. അഭിനയം വാചാലമായപ്പോഴും നിർഭാഗ്യവശാൽ ഈ അതിശയോക്തി ഉപയോഗിക്കപ്പെട്ടില്ല. അതിശയോക്തിസ്പർശമില്ലാതെതന്നെ, അത്യന്തസംശയമായ ഒരഭിനയത്തെ, ഒരു വാക്കിനെ, അല്ലെങ്കിൽ ഒരു നോക്കിനെ കാഴ്ചക്കാരുടെ ഹൃദയത്തിൽ അഷ്ടബന്ധമിട്ടുറപ്പിക്കുവാൻ വേണ്ട സാങ്കേതികരീതികൾ സിനിമയിൽ ഇന്നുണ്ട്. പക്ഷേ അവ വേണ്ടപോലെ ഉപയോഗിക്കുവാൻ പ്രതിഭാശാലിയും പരിചയസമ്പന്നനുമായ ഒരു ഡയറക്ടർക്കേ കഴിയൂ. നമ്മുടെ സിനിമയുടെ പ്രധാനദൂഷ്യം ഇന്നും അതിശയോക്തിയാകുന്നു.

സിനിമ ഒരു കലാരൂപമാണ്. അതോടൊപ്പംതന്നെ ബഹുജനങ്ങളെ ലഹരിപിടിപ്പിക്കുകയും മയക്കിക്കിടത്തുകയും ചെയ്യുന്ന ഒരു മാദകൗഷധംകൂടിയാണിതു്. ജീവിതത്തിൽ തങ്ങൾക്കൊരിക്കലും കൈവരുമെന്നു പ്രതീക്ഷിക്കാനാവാത്ത ലൈംഗികാനുഭൂതികളും സമ്പൽസമൃദ്ധിയും നിർല്ലോഭമായ ഉപഭോഗവും ഏതാനും പൈസമാത്രം ചെലവഴിച്ചു മൂന്നോ മൂന്നരയോ മണിക്കൂർനേരം അനുഭവിക്കുവാൻകൂടിയാണ് ഭൂരിഭാഗം കാഴ്ചക്കാരും സിനിമാശാലകൾക്കുമുമ്പിൽ ക്യൂ നില്ക്കുന്നതു്. ഉത്കടവികാരങ്ങളെ പരസ്യമായും അതിരഞ്ജിതമായും അവയ്ക്കായി സാധാരണനിലയിൽ നല്കേണ്ട വില കൊടുക്കേണ്ടതില്ലാത്ത മട്ടിലും പ്രദർശിപ്പിക്കുന്നതു് അവയെ ആഭാസീകരിക്കുക (Vulgarisation) അത്രേ. ഇന്നത്തെ മൂലധനഘടനയിൽ ഈ ആഭാസീകരണം—ബോക്സ്ഓഫീസ് വിജയമെന്ന പര്യായോക്തരൂപത്തിൽ പറയുന്നതു് ഇതുതന്നെയാണ്—കുറെയൊക്കെ അനുപേക്ഷണീയമായിരിക്കാം. എന്നാലും അതിന്റെ വിപത്തുകൾ ചൂണ്ടിക്കാണിക്കേണ്ടതു ഗൗരവബുദ്ധിയുള്ള വിമർശകന്റെ ധർമ്മമാകുന്നു. സിനിമ കാഴ്ചക്കാരെയും കാഴ്ചക്കാർ സിനിമയെയും കൂടുതൽ കൂടുതൽ ദുഷിപ്പിച്ചുകൊണ്ടു പോവുകയെന്ന ദൂഷിതവലയത്തിൽനിന്ന് എന്നെങ്കിലുമൊരിക്കൽ രക്ഷപ്പെടണമെന്ന ആഗ്രഹവും, രക്ഷപ്പെടാൻ കഴിയുമെന്ന ആശയും കെട്ടുപോകാതെ നോക്കുകയെങ്കിലും ചെയ്യണമല്ലോ.